B bp[w `b ¡ p¶ {]Xntcm[w A Yhm \S ¡ msX t]mb F ³ UnF ^ NÀ¨

ജൂൺ 14 ാം തിയ്യതി നടത്താൻ ധാരണയായ ഒരു സംവാദത്തിൽ നിന്നും എൻഡിഎഫ് വിഷയനിർണയത്തിലെ വിയോജിപ്പുകൊണ്ട് പിൻമാറിയെന്ന വിവരം ഒരു ഇ-മെയിലിലൂടെ അറിയാനിടവന്നു. അതിനു പ്രതികരണമെന്നോണം എൻഡിഎഫിന്റെ ഭാഗം ന്യായീകരിച്ചുകൊണ്ട് മുഹമ്മദ് റാഫി എന്നയാളുടെ ഒരു കുറിപ്പും ശ്രദ്ധയിൽ പെട്ടു. ഇത്രയുമായ സ്ഥിതിക്ക് വിഷയം ഒന്ന് പഠിച്ചുകളയാമെന്ന് തോന്നിയതിന്റെ ഫലമാണീ പ്രതികരണം. ഇതുകൂടി വായിക്കാനുള്ള സന്മനസ്സ് മാന്യവായനക്കാർ കാണിക്കണമെന്ന് അപേക്ഷിക്കുന്നു.

ഖത്തറിലെ സഹോദരൻ നജാത്തുല്ലയുടെ താമസസ്ഥലത്ത് നടന്ന ഒരുഅനൗദ്യോഗിക ചർച്ചയോടെയാണ് സംഭവത്തിന്റെ തുടക്കം. അത് പരിമിതരായ അംഗങ്ങൾ മാത്രമുള്ളതായിരുന്നു. ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷൻ (ഖത്തർ) പ്രവർത്തകരായ ജ. കെ. ഇല്യാസ് മൗലവിയും നാട്ടിൽ നിന്നും ഇവിടെ എത്തിയ കെ.എം. അഷ്റഫും ആണ് ഒരു വശത്തുണ്ടായിരുന്നത്. അഷ്റഫ് തന്നെ തികച്ചും യാദൃച്ഛികമായി അവിടെ എത്തിപ്പെട്ടതാണ്. (ഈ രണ്ട് പേരെപ്പറ്റിയാണ് ജമാഅത്ത് ഭാഗത്തുനിന്നും 3 പേർ എന്ന് റാഫി തട്ടിവിട്ടിരിക്കുന്നത്). എൻഡിഎഫിനെ പ്രതിനിധീകരിച്ച് ജനാബുമാർ സുബൈർ മൗലവി ചെറുവാടി, ടി.വി. ഹമീദ് വാണിമേൽ, അബ്ദുറഷീദ് എന്നിവരും പങ്കെടുത്തിരുന്നു. ചർച്ചക്കൊടുവിൽ കുറച്ചുകൂടി കാര്യഗൗരവത്തിലും വ്യവസ്ഥാപിതമായും ഇതു തുടരണമെന്ന അഭിപ്രായമുയർന്നു. തത്വത്തിൽ ഇരുപക്ഷവും അതംഗീകരിക്കുകയും ചെയ്തു.

എങ്ങനെയെങ്കിലും ചർച്ച പൊളിക്കാൻ തുടക്കം മുതൽ ജമാഅത്ത് ശ്രമിച്ചുകൊണ്ടിരുന്നുവെന്നും അതിന്റെ ഭാഗമായി സദസ്സിന്റെ എണ്ണത്തിൽ തർക്കം വന്നുവെന്നും ആരോപിച്ചുകണ്ടു. അതേപ്പറ്റി പറയുന്നതിനു മുമ്പ് മറ്റൊരു കാര്യം വ്യക്തമാക്കേണ്ടതുണ്ട്. നേരത്തെ നടന്ന ചർച്ചക്കും പിന്നീട് നടത്താമെന്ന് തീരുമാനമായതിനും ജമാഅത്തെ ഇസ്ലാമിയുമായി നേരിട്ട് ഒരു ബന്ധവുമില്ല. ജമാഅത്തെ ഇസ്ലാമിയുടെ ഖത്തറിലെ പോഷകസംഘടനയായ ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷൻ പ്രവർത്തകരുമായി മാത്രമാണിതിന് ബന്ധം. വസ്തുത ഇതായിരിക്കെ ജമാഅത്ത് എന്നതിനു പകരം അസോസിയേഷൻ എന്ന് പ്രയോഗിക്കുന്നതാണ് വസ്തുതാപരം എന്നാണെന്റെ വിനീതമായ അഭിപ്രായം.

പണ്ഡിതചർച്ചയിൽ കേൾവിക്കാർ ആവശ്യമില്ലെന്നത് നേരത്തെ തന്നെയുള്ള ജമാഅത്തിന്റെ പ്രഖ്യാപിത നിലപാടാണ്. ഇവിടെ മാത്രമല്ല, നാട്ടിലും.

വർഷങ്ങൾക്കുമുമ്പ്, സംവാദത്തിന് തയ്യാറാണോ എന്ന് വെല്ലുവിളിച്ച് സമസ്തക്കാരും നദ്വത്തുകാരും ലൗഡ് സ്പീക്കറും കൊണ്ട് നടന്നിരുന്ന ഒരു കാലമുണ്ടായിരുന്നു. അന്നേ ജമാഅത്ത് കൈക്കൊണ്ട നയം വൈജ്ഞാനിക ചർച്ച വിവരമില്ലാത്തവരും പലപ്പോഴും പലതരം വികാരവിക്ഷോഭങ്ങൾക്ക് വിധേയരാവാൻ സാധ്യത കൂടുതലുള്ളവരുമായ പൊതുജനത്തെ വെച്ച് നടത്തുന്നത് ഗുണത്തേക്കാളേറെ ദോഷം ചെയ്യും എന്നാണ്. സത്യത്തെ അവഗണിച്ച് സദസ്സിനെ പരിഗണിക്കാൻ ചർച്ച നയിക്കുന്നവർ നിർബന്ധിതമാവും. സത്യം മനസ്സിലാക്കാൻ അതുവഴി സാധ്യത തുലോം കുറവാണെന്ന് മാത്രമല്ല, പൊതുജനത്തിന് അവ്യക്തത വർധിപ്പിക്കാനേ അതുപകരിക്കൂ. അതിനാലാണ് നിരവധി സംവാദങ്ങൾ നടത്തിയിട്ടും സമസ്ത–നദ്വത്ത് തർക്കം എങ്ങുമെത്താതെ പോയത്. അക്കാലത്ത് ആയിരങ്ങളെ അണി നിരത്തി സംവാദം നടത്തിയ മേൽവിഭാഗങ്ങൾ പിന്നീട് ജമാഅത്ത് നയത്തിലേക്ക് ക്രമേണ വന്നു. അങ്ങിനെ അത്തരം കാളപൂട്ട് മത്സരത്തെ അനുസ്മരിപ്പിക്കുന്ന വാദപ്രതിവാദങ്ങൾ ചരിത്രത്തിന്റെ ഭാഗമായി, തർക്കവിഷയങ്ങൾ ശേഷിച്ചിരിക്കെ തന്നെ.

രണ്ടാം ഘട്ടചർച്ചയിൽ സദസ്സ് 75 പേർ വീതം വേണമെന്ന നിർദേശത്തെ ഈയടിസ്ഥാനത്തിൽ അസോസിയേഷൻ പ്രതിനിധികൾ സമീപിച്ചത് (ഇതാണ് റാഫിയുടെ എഴുത്തിലെ ഏകനേര്) ചർച്ച ഇല്ലാതാക്കാനല്ല, കനപ്പെട്ട ചർച്ച സത്യസന്ധമായി നടക്കാനാണ്. സദസ്സിനെ ഒഴിവാക്കാനോ പരമാവധി ചുരുക്കാനോ നിർദേശിച്ചപ്പോൾ (പിന്നീട് മോഡറേറ്ററും ഇതുതന്നെ നിർദേശിക്കുകയുണ്ടായി) ജനത്തിന് സംഗതി മനസ്സിലാക്കാൻ വീഡിയോ റെക്കോഡിംഗ് നടത്താമല്ലോ എന്നും അഭിപ്രായപ്പെട്ടിരുന്നു. എന്നാൽ അസോസിയേഷൻ പ്രതിനിധികൾ വീഡിയോ പിടിക്കുന്നതിനും എതിരുനിന്നു എന്ന ആരോപണവും എഴുന്നള്ളിച്ചിരിക്കുന്നു. നോക്കണേ, പ്രതിരോധത്തിന്റെ പോക്ക്.

പണ്ഡിത ചർച്ചയിൽ കേൾവിക്കാർ അനിവാര്യമോ ഗുണകരമോ അല്ലെന്ന അഭിപ്രായമുണ്ടായിരുന്നിട്ടും 50 പേർ വീതം പങ്കെടുത്തുകൊള്ളട്ടെ എന്ന് വെച്ചത് ചർച്ച നടക്കണമെന്ന ആഗ്രഹം കൊണ്ടാണ്.

ഇത്രയും വിവരിച്ചതിൽ നിന്നും ചർച്ച നടക്കുന്നതിന് വിഘാതമായ ഒരു കാര്യവും കണ്ടെത്താൻ കഴിയുന്നില്ല. ഇനി അതിലേക്ക് കടക്കാം.

ജമാഅത്തെ ഇസ്ലാമി കഴിഞ്ഞ 60 വർഷത്തിലേറെയായി ഇന്ത്യയിൽ വ്യവസ്ഥാപിതമായി ഇസ്ലാമിക പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. അതിന്റെ ഭരണഘടന, പ്രവർത്തനരംഗത്തെ നയവും പരിപാടിയും തുടങ്ങിയവ പുസ്തകരൂപത്തിൽ എവിടെയും ലഭ്യമാണ്. ഇന്ത്യയിലെ മുസ്ലിം സംഘടനകളുടെ എല്ലാ കൂട്ടായ്മകളിലും ജമാഅത്തുണ്ട്. സമുദായത്തിലും പൊതുസമൂഹത്തിലും പ്രമുഖ രിലും സാധാരണക്കാരിലും ഈ

പ്രസ്ഥാനത്തിന് സ്ഥാനവും സൽപേരുമുണ്ട്. അതിന്റെ പോഷക വിഭാഗമായ ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷൻ കഴിഞ്ഞ കാൽനൂറ്റാണ്ടായി ഖത്തറിൽ സജീവസാന്നിധ്യമാണ്. ഔദ്യോഗികവും അനൗദ്യോഗികവുമായ നിരവധി വേദികളിൽ അസോസിയേഷന് ഉയർന്ന സ്ഥാനവും പരിഗണനയും ലഭിക്കുന്നുണ്ട്. ആരുമായെങ്കിലും എങ്ങിനെയെങ്കിലും ഒരു ചർച്ച ഒപ്പിച്ച് മുഖം മിനുക്കേണ്ടതോ മേൽവിലാസം നേടേണ്ടതോ ആയ ഗതികേടൊന്നും ഇല്ലെന്നർഥം. അതിനാൽ തികച്ചും ഉത്തരവാദിത്ത ബോധത്തോടെ മാത്രമേ ജമാഅത്തിനും അതിന്റെ പോഷകഘടകങ്ങൾക്കും ഏത് കാര്യത്തിലും ഏർപ്പെടാൻ കഴിയൂ എന്നാണ് ഞാൻ മനസ്സിലാക്കുന്നത്.

ഈയടുത്ത കാലത്ത് പൊട്ടിമുളച്ച മതസംഘടനയോ, രാഷ്ട്രീയസംഘടനയോ, സാംസ്കാരിക സംഘടനയോ, സായുധസംഘമോ ഇതിൽ ഏതാണ് തങ്ങളുടെ കൂട്ടമെന്ന് ബന്ധപ്പെട്ടവർക്ക് തന്നെ ഇനിയും വ്യക്തമാകേണ്ടി യിരിക്കുന്ന, ഔദ്യോഗികമായി ഇതിനെ പരിചയപ്പെടുത്തുന്ന ഒരു നോട്ടീസുപോലും ഇതുവരെ വെളിച്ചം കണ്ടിട്ടില്ലാത്ത, എല്ലാ വെളിച്ചത്തിന്റെ പിന്നിലും അല്പം ഇരുട്ട് ബാക്കി വെക്കുന്ന ഒരു കൂട്ടരോട് നാടിനും സമൂഹത്തിനും സമുദായത്തിനും വിനകൾ മാത്രം സമ്മാനിക്കുന്ന പ്രവർത്തനപരിപാടിയെപ്പറ്റി ഈ പോക്ക് ശരിയല്ലെന്ന് ഖുർആന്റെയും സുന്നത്തിന്റെയും അടിസ്ഥാനത്തിൽ സമർഥിക്കാൻ, അതുവഴി വിവേകം ഇതിലെ വല്ലവർക്കും കൈവന്നെങ്കിലോ എന്നാശിച്ചു കൊണ്ട് ഒരൊറ്റ വിഷയത്തിലുള്ള ചർച്ചക്കേ പ്രസക്തി കാണുന്നുള്ളൂ. അതാണ് അവർ നിർദേശിച്ച C´y³ kml Ncy¯nÂ kmbp[{]Xntcm[¯nsâ{]kàn.

നാടിനെയും സമൂഹത്തെയും സമുദായത്തെയും ഒരുപിടി വർഗീയവാദി കളിൽ നിന്ന് രക്ഷിക്കാൻ പലവിധ പ്രതിരോധരീതികളും പലരും സ്വീകരിച്ചു കൊണ്ടിരിക്കുന്നു. അതിലൊന്നും തർക്കമില്ല. അവകൊണ്ട് ഗുണം കുറ ഞ്ഞാലും ദോഷം തീരെയില്ലതാനും. എന്നാൽ സായുധപ്രതിരോധം അങ്ങനെ യല്ല. അതുകൊണ്ട് വർഗീയ-ഫാഷിസ്റ്റുകൾക്ക് ഗുണവും സമുദായത്തിന് ദോഷവും കൂടുതലാണ്. ഫാഷിസ്റ്റുകൾക്ക് അവരുടെ അജണ്ട നടപ്പാക്കാൻ ഇതിലേറെ ഒത്താശ ചെയ്യാൻ മറ്റാർക്കാവും?. അതിനാൽ ബുദ്ധിപരവും പ്രാമാണികവുമായി ഈ വിഷയത്തിൽ ആലോചന ശരിക്കും നടക്കണം.

മധ്യസ്ഥനെന്ന നിലയ്ക്ക് നജാത്തുല്ല ജ. കെ. ഇൽയാസ് മൗലവിയെ സമീപിച്ച ഒന്നാമത്തെ സന്ദർഭത്തിൽ തന്നെ വിഷയം സായുധപ്രതിരോധത്തിന്റെ പ്രസക്തി എന്ന് കൃത്യമായി നിർണയിക്കാൻ ആവശ്യപ്പെട്ടതാണ്. അവസാന നിമിഷത്തിൽ ചർച്ച നടക്കാതാക്കാൻ വേണ്ടി വിഷയം മാറാൻ ശഠിച്ചുവെന്ന പ്രചാരണം ശുദ്ധ അസംബന്ധമാണ്. ഇനി വാദത്തിന് വേണ്ടി അങ്ങനെയാണ് ഉണ്ടായതെന്ന് വെക്കുക. എങ്കിൽ ഞാൻ ചോദിക്കട്ടെ, ആയുധം കൊണ്ട് പ്രതിയോഗിയെ നേരിട്ടുകൊണ്ടിരിക്കുന്ന, അതിന് വേണ്ടി അണികളെ

പ്രേരിപ്പിച്ചുകൊണ്ടിരിക്കുന്ന ഒരു കൂട്ടർക്ക് പ്രതിരോധം ഇന്ത്യൻ സാഹചര്യത്തിൽ എന്നതിൽ സായുധം എന്ന വാക്കുകൂടി കൂട്ടണമെന്ന് പറഞ്ഞാൽ ഏറെ സ്വീകാര്യമാവുകയല്ലേ വേണ്ടത്?

രോഗി ഇച്ഛിച്ചതും വൈദ്യൻ വിധിച്ചതും... എന്ന ചൊല്ലു പോലെ. അല്ലാതെ പന്തം കണ്ട പെരിച്ചാഴി കണക്കെ മാളത്തിലൊളിക്കണമായിരുന്നോ?

ജൂൺ എട്ടാം തിയ്യതി എൻഡിഎഫ് പ്രതിനിധി ഷബീർ, ഇല്യാസ് മൗലവിയുമായി ഫോണിൽ സംസാരിച്ചപ്പോൾ ആവശ്യപ്പെട്ടത് വിഷയത്തിൽ നിന്നും സായുധം ഒഴിവാക്കണം, അല്ലാതെ ചർച്ചക്ക് വരാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടുണ്ട്, കാരണം ഞങ്ങൾ അവിടെ എത്തിയിട്ടില്ല എന്നാണ്. അപ്പോൾ കൂട്ടരേ, നിങ്ങൾ ചർച്ച ചെയ്തു അവിടെ എത്തുന്നതിനു മുമ്പുതന്നെ നിങ്ങളുടെ ''ശുഹദാക്കൾ'' കൊടുവാളും കൊണ്ട് പലരുടെയും വീട്ടുപടിക്കൽ എത്തിയതോ? അതിന് ന്യായം കണ്ടെത്താൻ നിരവധി ആയത്തുകളും ഹദീസുകളും മറ്റും സന്ദർഭത്തിൽ നിന്നും അടർത്തി തെരുവിലിറക്കിയതോ? മറ്റുള്ളവരുടെ ജീവനും കൊണ്ട് എത്ര ലാഘവത്തോടെയാണീ കാർ – ടു – കാർപെറ്റ് കമ്പനി കളിക്കുന്നത്?

ഇനി, സൂക്ഷ്മതക്കു വേണ്ടിയാണ് വിഷയത്തിൽ സായുധം എന്ന വാക്ക് വരുന്നതിനെ ഭയക്കുന്നതെന്നാണ് ന്യായമെങ്കിൽ, ഈ സൂക്ഷ്മത ആയുധം പ്രയോഗിക്കാൻ തീരുമാനിക്കുന്നേടത്ത് കാണിക്കാമായിരുന്നില്ലേ? ഉപ്പ് തിന്ന ശേഷം വെള്ളം കുടിക്കില്ലെന്ന് ശഠിക്കുന്നതിലെന്തർഥം?

ഒടുവിൽ റാഫി ഒരു മഹാവെല്ലുവിളി നടത്തിയിരിക്കുന്നു. ഇ–മെയിലിൽ തന്റെ പേരും ഫോൺ നമ്പറും ചേർത്ത് ഇതാണ് ആർജവം എന്ന മട്ടിൽ.

സുഹൃത്തേ, ഈ ആർജവം സ്വന്തം സംഘടനയെ ഒന്ന് പഠിപ്പിക്കുമോ? കൂരിരുട്ടിന്റെ മറവിൽ വല്ലവനെയും കയറി വെട്ടിയിട്ട് കിട്ടിയ വണ്ടിക്ക് നാടുവിടുന്നത് ആർജവമല്ല, പകരം ഞങ്ങളാണ് ഇതു ചെയ്തതെന്ന്, പോസ്റ്റ് ബോക്സും ഫോൺ നമ്പറും വെച്ച് പ്രസ്താവന നടത്താൻ.

അങ്ങിനെയെങ്കിൽ എല്ലാ വിവാദവും കുറഞ്ഞ നാളുകൾ കൊണ്ട് തീരും. അല്ലാഹുവിന്റെ മാർഗത്തിലുള്ള സായുധജിഹാദിനെ ഗുണ്ടാ സംഘത്തിന്റെ ഓപറേഷൻ സ്റ്റൈലിലേക്ക് ചവിട്ടിത്താഴ്ത്തിയിട്ട് ഞാനൊന്നുമറിഞ്ഞില്ലേ രാമനാരായണ എന്ന നിൽപുണ്ടല്ലോ. അതാണ് ഏറ്റവും വഷളൻ. സ്വന്തത്തിനും സമൂഹത്തിനും. ആർജവം കാണേണ്ടത് അവിടെയാണ്.

തല്കാലം വിട.

അബ്ദുൽനാസർ കെ.കെ
abdunnazarkk@gmail.com